LIBRARY ARCHIVES Kerala Legislative Assembly

പുതിയ വി.എച്ച്.എസ്.ഇ. കോഴ്സുകളും ബാച്ചുകളും നൽകുന്നതിനുള്ള മാനദണ്ഡം

111 [1521] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി വി.എച്ച്.എസ്.ഇ. ബാച്ചുകളും പുതിയ വി.എച്ച്. എസ്.ഇ. കോഴ്സുകളും നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡം ഉണ്ടോ;

(ബി) എങ്കിൽ അടുത്തുള്ള സ്കൂളുകളിലെ നിലവിലുള്ള ബാച്ചിന്റെ പ്രവർത്തനത്തെ ബാധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ നിയമനത്തിനുള്ള മാനദണ്ഡം

112 [1522] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ നിയമനത്തിനുള്ള യോഗ്യതകൾ എന്തെല്ലാമാണ്;

(സി) നിശ്ചിത യോഗ്യത ഇല്ലാത്ത ആരെങ്കിലും ഡെപ്യൂട്ടി ഡയറക്ടറായി പ്രസ്തുത വകുപ്പിൽ തുടരുന്നുണ്ടോ;

(ഡി) എങ്കിൽ യോഗ്യത ഉള്ളവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അഞ്ചു വർഷമെങ്കിലുമുള്ള സർവ്വീസാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്.

നേരിട്ടുള്ള നിയമനത്തിനുള്ള യോഗ്യത താഴെ കൊടുക്കുന്നു: